പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4811** — **27.10.2016 ൽ മറുപടിക്ക്**

## റെയിൽവേ വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഇ.പി.ജയരാജൻ**<br>,, പി.കെ. ശശി<br>,, യു. ആർ. പ്രദീപ്<br>,, വി. അബ്ദുറഹിമാൻ | | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായി ഇന്ത്യൻ റെയിൽവേയുമായി സഹകരിക്കുന്ന തിനും ഇതിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിനുമായി എം.ഒ.യു. ഒപ്പുവച്ചതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരുമായി സംയുക്ത കരാർ ഒപ്പു വച്ചിട്ടുണ്ടോ; | (എ) | സംസ്ഥാന സർക്കാരും ഇന്ത്യൻ റയിൽവേയും ചേർന്ന് 51:49 എന്ന അനുപാതത്തിൽ, ഓഹരിപങ്കാളിത്തത്തോടെ രൂപീകരിക്കുന്ന സംയുക്ത സംരംഭത്തിന്റെ മെമ്മോറാണ്ടം ഓഫ് അണ്ടർ സ്റ്റാന്റിംഗ് 23.12.2015 ലെ സ.ഉ(എം.എസ്) 80/2015/ഗതാ, 13.01.2016 ലെ സ.ഉ(എം.എസ്) 2/2016/ഗതാ എന്നിവയുടെ അടിസ്ഥാനത്തിൽ 27.01.2016 ൽ ഒപ്പു വച്ചു. സ.ഉ. (എം.എസ്.) നമ്പർ 52/2016/ഗതാ. തീയതി 05/08/2016, സ.ഉ. (എം.എസ്.) നമ്പർ 57/2016/ഗതാ. തീയതി 01/09/2016 എന്നീ ഉത്തരവുകൾ പ്രകാരം റെയിൽവേ അടിസ്ഥാന സൗകര്യ വികസന ത്തിനുള്ള സംയുക്ത സംരംഭ കരാർ സംസ്ഥാന സർക്കാരും കേന്ദ്ര റെയിൽ മന്ത്രാലയവുമായി 2016 സെപ്റ്റംബർ ഒന്നിന് ഡെൽഹിയിൽ വച്ച് ഒപ്പുവച്ചു. |
| (ബി) | എങ്കിൽ ഇതുപ്രകാരം ഏതൊക്കെ പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത കരാർ പ്രകാരം കേരള സർക്കാർ സംയുക്ത സംരംഭ കമ്പനി വഴി ഏറ്റെടുത്തു നടത്തുവാൻ ഉദ്ദേ ശിക്കുന്ന പദ്ധതികളുടെ പട്ടിക താഴെ പറയും പ്രകാര മാണ് ;<br><br>1. തിരുവനന്തപുരം - ചെങ്ങന്നൂർ സബർബൻ റയിൽ പ ദ്ധതി<br>2. അങ്കമാലി - ശബരി റയിൽവേ ലൈൻ<br>3. നിലമ്പൂർ - നഞ്ചങ്കോട് റെയിൽവേ ലൈൻ<br>4. ഗുരുവായൂർ - തിരുനാവായ ലൈൻ<br>5. കൊച്ചി - മധുര ലൈൻ<br>6. CIAL – ലേക്കുള്ള റെയിൽ കണക്റ്റർ ട്രാക്ക്<br>7. പാലക്കാട് കോച്ച് ഫാക്ടറി<br>8. തലശ്ശേരി - മൈസൂർ ലൈൻ |
| (സി) | കേരളത്തിലെ റെയിൽവേ വികസനത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | കേരളത്തിലെ റെയിൽവേ വികസനത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് ബന്ധപ്പെട്ട ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കളക്ടർമാർ യഥാ സമയങ്ങളിൽ അവലോകന യോഗങ്ങൾ കൂടുകയും വേണ്ട നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ